LIBRARY ARCHIVES Kerala Legislative Assembly

സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പരിശീലനം ലഭിച്ച ടീച്ചർമാർക്ക് പ്രൊട്ടക്ഷൻ

47 [1405] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന 5 വർഷത്തിൽ കുറവ് സർവ്വീസുള്ള സ്കൗട്ട്സ് ആന്റ് ഗൈഡ്സ് (ബുൾ ബുൾ) പരിശീലനം ലഭിച്ച ടീച്ചർമാർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യത്തിന് അർഹതയുണ്ടോ;

(ബി) പരിശീലനം ലഭിച്ച എത്ര പേർ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) 14-7-1997 വരെ റഗുലർ തസ്തികകളിൽ നിയമനം ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാണ്.

(ബി) സ്കൗട്ട് .. 1250

ഗൈഡ് .. 1752

ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

വിദ്യാലയങ്ങളിലെ മുസ്ലീം പെൺകുട്ടികൾക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ

48 [1406] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മുസ്ലീം പെൺകുട്ടികൾക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മുസ്ലീം പെൺകുട്ടികൾക്ക് നൽകാറുള്ള സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യാറുണ്ടോ;

(സി) ഇതിൽ നാളിതുവരെ എത്ര കുടിശ്ശിക വിതരണം ചെയ്യാനുണ്ട്;

(ഡി) ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് ആലോചനയുണ്ടോ;